**സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലും ശിപാർശകളും.**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിലെ റീസർവ്വെ ബ്ലോക്ക് 20 ൽ പ്പെട്ട 203, 204, 205, 206, 226 എന്നീ സർവ്വെ നമ്പരുകളിലായി 30 സർവ്വേ സബ് ഡിവിഷനുകളിൽ ഉൾപ്പെട്ടുവരുന്ന 0.2641 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16.09.2021 ലെ കെ13-2590/18 നമ്പർ വിജ്ഞാപനപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

പദ്ധതി പ്രദേശത്ത് സാമൂഹികാഘാത പഠനം നടത്തുന്നതിനും, സാമൂഹികാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുമായി നിയോഗിച്ച തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്(ഐ.ആർ.ഡി) എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച പഠന റിപ്പോർട്ട് സമിതി വിശദമായി പരിശോധിച്ചതിൽ ഈ റിപ്പോർട്ട് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിനും, അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയിട്ടുള്ളതാണെന്ന് വിലയിരുത്തി.

നെയ്യാറ്റിൻകര – പൂവാർ റോഡിൽ നെയ്യാറ്റിൻകരയിൽ നിന്നും ഏകദേശം 5.5 കി.മീറ്റർ മാറി പഴയ കട ജംഗ്ഷന് തൊട്ടുമുമ്പായി, പാഞ്ചിക്കാട്ട് കടവു പാലം വഴി ചെങ്കൽ, വ്ലാത്താങ്കര, പൂഴിക്കുന്ന് ഭാഗത്തേയ്ക്കുള്ള റോഡിൽ, റോഡിന്റെ ഇടതു ഭാഗത്ത് ഹിന്ദുസ്ഥാൻ ഫോട്ടോസ് & വീഡിയോസിന് സീപത്തു നിന്നും ആരംഭിച്ച് ഏകദേശം 350 മീറ്റർ മാറി പാഞ്ചിക്കാട്ടു കടവ് പാലത്തിന് ഏകദേശം 50 മീറ്റർ മുമ്പായി, മാവിളക്കടവ് ബണ്ടുറോഡ് ആരംഭിക്കുന്ന ഭാഗം വരെ റോഡിന്റെ ഇരു ഭാഗങ്ങളിലുള്ള ഭൂമിയാണ് ഈ പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടതെന്ന് സ്ഥലപരിശോധനയിൽ സമിതി വിലയിരുത്തി.

ഈ പദ്ധതിയ്ക്കായി ഏറ്റവും അനുയോജ്യവും അത്യാവശ്യവുമായ ഭൂമി മാത്രമാണ് ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തുന്നു.

പദ്ധതി പൂർത്തീകരണം വഴി പൊതുസമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ, പദ്ധതി ബാധിതർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ അപേക്ഷിച്ച് വളരെ വലുതാണെന്ന് സമിതി വിലയിരുത്തുന്നു.

**ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതിക്കായി വിജ്ഞാപന പ്രകാരമുള്ള ~~519.1797 ഹെക്ടർ~~ 0.2641 ഹെക്ടർ ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ കൂടി ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1) ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവിതരണവും സമയബന്ധിതമായി പൂർത്തിയാക്കുക.

2) അപ്രോച്ച് റോഡിനോടനുബന്ധിച്ചുള്ള ഓട, ഫുഡ്പാത്ത് എന്നിവ നിർമ്മിക്കണമെന്ന അപേക്ഷകളിന്മേൽ അർഹമായ പരിഗണന നല്കുക.

ചെയർപേഴ്സൺ

1) ശ്രീദേവൻ നായർ എസ്

2. എസ് ബെന്നുമുതലാളി